# Academic Master plan

# 2025-26

# SKVLPS Potta

# ആമുഖം

നമ്മുടെ ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി
മാറണം. നമ്മുടെ പ്രദേശത്തെ എല്ലാ വിദ്യാർത്ഥികളും
നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ എത്തിച്ചേരണം. ഈ
ലക്ഷ്യം സാധ്യമാവണമെങ്കിൽ നമ്മുടെ വിദ്യാലയത്തിന്റെ
അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ എല്ലാ
ഘടകങ്ങളും ഉന്നതിയിൽ എത്തേണ്ടതുണ്ട്.

കൃത്യമായ ഒരു ആസൂത്രണത്തോടെ
മാത്രമെ ഓരോ ലക്ഷ്യവും നേടിയെടുക്കാൻ കഴിയുകയുള്ളു.
ആ ലക്ഷ്യത്തിലെത്താനായി നിലവിൽ എന്തെല്ലാം പ്രവർത്തനം
നാം ചെയ്യുന്നു; അതിലെ പോരായ്മകളെന്തെല്ലാം, എന്തെല്ലാം
പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിന്
വേണ്ട വിഭവസമാഹരണം എങ്ങനെ എന്നതിനെക്കുറിച്ച്
സമഗ്രമായി വിശകലനം ചെയ്യേണ്ടിയിരുന്നു.

ഭൗതിക വികസനത്തിനായി സർക്കാർ
സഹായങ്ങളൊന്നും ഇല്ലാത്തതിനാൽ പൊതു സമൂഹം
തന്നെ മുന്നിട്ട്നിന്ന് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേ
ണ്ടതുണ്ട്. അതിനായി തയ്യാറാക്കിയ ആസൂത്രണ രേഖക്ക
നുസരിച്ച് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിൽ
വരുത്തേണ്ടതുണ്ട്. വിവിധ സമിതികളും, സന്നദ്ധ സംഘടന
കളും ഈ ലക്ഷ്യപ്രാപ്തിക്കായി പ്രയത്നിച്ച് നമ്മുടെ
വിദ്യാലയത്തിന്റെ അക്കാദമികവും, ഭൗതികവും, സാമൂഹിക
വുമായ ഘടകങ്ങളെ ഉന്നതിയിലേക്ക് എത്തിക്കാണമെന്ന്
പ്രത്യാശിക്കുന്നു.

# വിദ്യാലയ ചരിത്രം

പഴയന്നൂർ ഗ്രാമത്തിന്റെ ഏകദേശം അഞ്ച് കിലോമീറ്റർ തെക്ക് മാറി, തെക്ക് ഭാഗത്ത് കൊച്ചീമത്തോട് എന്ന് പഴമക്കാർ വിളിച്ചുപോരുന്ന വനപ്രദേശവും കിഴക്ക് പാലക്കാട് ജില്ലാതിർത്തിയും അതിരിടുന്ന പൊറ്റ തികച്ചും ഒരുനാടൻ ഗ്രാമമാണ്. 'പൊറ്റ'യെന്നാൽ കാർഷിക ഭാഷയിൽ വെള്ളമില്ലാതെ വറ്റിയുണങ്ങിയ ഭൂപ്രദേശമാണെന്ന് സാരം. ഞാറുനാടൻ ഉപയോഗിക്കുന്ന പള്ളിഞാലുകൾക്കും ഒരുപ്പൂവൽ പണിയുന്ന കൃഷിയിടങ്ങൾക്കും മറ്റുമാണ് കർഷകർ അങ്ങനെ വിളിക്കാറ്.

സ്ഥലനാമം പോലെത്തന്നെ നെൽകൃഷിയുമായി ബന്ധപ്പെട്ട സാധാരണക്കാരായ കർഷകരും കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളും അടങ്ങുന്ന മുസ്ലിംകൾ, ദളിതുകൾ, പിന്നോക്ക വിഭാഗങ്ങൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ താമസിച്ചിരുന്ന പ്രദേശത്ത് 1922-ൽ പ്രസിദ്ധ നായർ തറവാടായ ചേറുങ്ങോട്ടിൽ വീട്ടിലെ ശങ്കുണ്ണി നായർ എന്ന മഹാനുഭാവനാണ് ഈ അക്ഷരക്കളരിയുടെ സ്ഥാപകൻ. നവോത്ഥാനകേരളത്തിന്റെ പിറവിക്ക് മുൻപ് സമൂഹത്തിൽ ഉച്ചനീചത്വം നിലനിന്നിരുന്ന, വിദ്യാഭ്യാസം കച്ചവടവത്കരിക്കുന്നത് സ്വപ്നവായിപ്പോലും

കരുതാത്ത കാലത്ത് തികച്ചും ജ്ഞാനം പകർന്ന് നൽകുക എന്ന ആത്മാർത്ഥമായ ആ ഇച്ഛാശക്തി പ്രശംസനീയവും എക്കാലത്തും സ്മരിക്കപ്പെടുന്നതുമാണ്. നൂറു വർഷം മുമ്പുള്ള സാമൂഹിക ചരിത്രം പഠിക്കുന്ന നവതലമുറ ഉൾപ്പുളകങ്ങളോടെ മാത്രമെ ഈ ഐതിഹാസികതയെ വായിച്ചെടുക്കാൻ കഴിയൂ.

ആരംഭകാലത്ത് 1922 മുതൽ 1930 വരെ ശ്രീമാൻ കരുണാകരൻ നായർ എന്ന അദ്ധ്യാപകനും മാനേജരായ ശ്രീമാൻ. സി. ശങ്കുണ്ണി നായരുമാണ് പഠിപ്പിച്ചിരുന്നത്. കുഞ്ഞികൃഷ്ണനും കല്യാണിക്കുട്ടിയുമാണ്. പ്രഥമ പഠിതാക്കൾ. 1930 ൽ അന്നത്തെ സർക്കാരിന്റെ അംഗീകാരം കിട്ടിയതിന് ശേഷം ശ്രീ. ചി ഗോവിന്ദൻ നായരാണ് പ്രധാന അദ്ധ്യാപകനായി ചുമതലയേറ്റത്. 1968 ലാണ് അദ്ദേഹം വിരമിക്കുന്നത്. 1968 മുതൽ 1972 വരെ ശ്രീമാൻ ഗോവിന്ദൻകുട്ടി നായരായിരുന്നു പ്രധാനാദ്ധ്യാപകൻ 1972 മുതൽ 1975 വരെ സി. ആർ ദേവകിയമ്മയായിരുന്നു പ്രധാനാദ്ധ്യാപിക. തുടർന്ന് 1983 വരെ ശ്രീമാൻ ടി.സി നാരായണൻകുട്ടി നായർ പ്രധാനാദ്ധ്യാപകനായി ഈ കാലയളവിലാണ് ഇടക്കാലത്ത് സ്വകാര്യ മാനേജ്മെന്റിന് കീഴിലായിരുന്ന സ്കൂൾ പൊതുമുമ്പിൽ ലേലത്ത് കമ്മിറ്റി ഏറ്റെടുക്കുന്നത്. പിൻപത്തുകളിലെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ -

നിശ്ചലാവസ്ഥയും ഈ വിദ്യാലയവുമായി ബന്ധപ്പെട്ടുണ്ടായ ചില പ്രശ്നങ്ങളും സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തന്നെ തടസ്സമായ ഘട്ടമായിരുന്നു അത്. 1997 ൽ സർവ്വീസിലിരിക്കെ അകാലത്തിൽ നിര്യാതനായ അറബി അദ്ധ്യാപകനായിരുന്ന ശ്രീ. ടി.പി അബ്ദുൾറഹിമാൻ മാസ്റ്ററുടെ നിസ്തുലമായ ഇടപെടൽ മാനേജ്മെന്റ് മാറ്റത്തിന് കാരണമായി. പ്രസതുത മാറ്റം വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ അക്കാദമിക പുരോഗതിക്കും വഴിതെളിയിച്ചു.

1983 മുതൽ 1989 വരെ ശ്രീമതി. വിസലാക്ഷി ടീച്ചറും തുടർന്ന് 1996 വരെ ശ്രീമതി. കെ. കമല ടീച്ചറും പിന്നീട് 1997 വരെ ശ്രീമതി സി.വത്സല ടീച്ചറും 2007 വരെ ശ്രീമതി. സി. രാധ ടീച്ചറും 2022 വരെ. ശ്രീമതി. പുഷ്പ വർഗ്ഗീസും പ്രധാനാദ്ധ്യാപകരായിരുന്നു. ഇപ്പോൾ ശ്രീമതി സലീന ടീച്ചർ എച്ച്.എം ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

വിദ്യാലയ പുരോഗതിക്ക് അശാന്ത പരിശ്രമം നടത്തിയും വിവിധ തലമുറകൾക്ക് വിജ്ഞാനം പകർന്ന് നൽകി. സാമൂഹ്യ പുരോഗതിക്ക് ജീവിതമുഴിഞ്ഞുവെച്ച് നമ്മെ വിട്ടുപിരിഞ്ഞ ഈ വിദ്യാലയത്തിന്റെ കെടാവിളക്കുകളായിരുന്ന സ്ഥാപകമാനേജർ ശ്രീ. സി. ശങ്കുണ്ണി നായർ, ഗുരുമഹത്തുക്കളായിരുന്ന സർവ്വശ്രീ കരുണാകരൻ നായർ, പി. ഗോവിന്ദൻ, നായർ, ടി.സി ഗോവിന്ദൻ കുട്ടി നായർ

സി.ആർ ദേവകിയമ്മ ടി.സി നാരായണൻകുട്ടിനായർ, സി.കൃഷ്ണൻ കുട്ടി നായർ, വി.സരോജിനിയമ്മ, എം ഭാസ്കരൻ നായർ, സി വത്സല, ആലിയമ്മു മൊല്ല, പി. അബ്ദുൾറഹിമാൻ, രേണുകദേവി എന്നിവരെ ഈ വേളയിൽ ആദരപൂർവ്വം സ്മരിക്കുന്നു. നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

മുൻകാല മനേജരായിരുന്ന ശ്രീ.കെ. എം. അബ്ദുൾ ഖാദർ, മനേജിംഗ് കമ്മിറ്റി അംഗമെന്നനിലയിൽ സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി ഏറെ പരിശ്രമിച്ച ശ്രീ. പി.എസ് അബ്ദുൾറഹിമാൻ തുടങ്ങി കാലയവനികക്കുള്ളിൽ മറഞ്ഞ് പോയ ഏറെപ്പേരുണ്ട്. എല്ലാവരെയും അനുസ്മരിച്ചു കൊള്ളട്ടെ.

18 അദ്ധ്യാപകർ വിവിധകാലയളവുകളിലായി വിരമിച്ചു. 5 അദ്ധ്യാപകർ മറ്റു വിദ്യാലയങ്ങളിൽ പി.എസ്.സി.നിയമനം നേടി പോവുകയുണ്ടായി. ഒൻപത് അദ്ധ്യാപകർ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നു. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലായി 150 വിദ്യാർത്ഥികളും LKG, UKG ക്ലാസുകളിൽ 85 വിദ്യാർത്ഥികളുമുണ്ട്. അടിസ്ഥാന കമ്പ്യൂട്ടർ പഠനം നല്ലരീതിയിൽ നടന്നുവരുന്നു. സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഉണ്ട്. വിദ്യാർത്ഥികളുടെ മാനസികോല്ലാസത്തിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും നാല്പ കളിയുപകരണങ്ങളോടു കൂടി ഒരു പാർക്ക് 2020ൽ വിരമിച്ച ശ്രീ. ജോമോൻ മാസ്റ്റർ നിർമ്മിച്ചു നൽകിയത് ഒരു -

സി.ആർ ദേവകിയമ്മ ടി.സി നാരായണൻകുട്ടിനായർ, സി.കൃഷ്ണൻകുട്ടി നായർ, വി.സരോജിനിയമ്മ, എം ഭാസ്കരൻ നായർ, സി വത്സല, അലിയമ്മു മൊല്ല, പി. അബ്ദുൾറഹിമാൻ, രേണുക ദേവി എന്നിവരെ ഈ വേളയിൽ ആദരപൂർവ്വം സ്മരിക്കുന്നു. നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

മുൻകാല മനേജരായിരുന്ന ശ്രീ.കെ. എം. അബ്ദുൾ ഖാദർ, മനേജിംഗ് കമ്മിറ്റി അംഗമെന്നനിലയിൽ സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി ഏറെ പരിശ്രമിച്ച ശ്രീ.പി.എസ് അബ്ദുൾറഹിമാൻ തുടങ്ങി കാലയവനികക്കുള്ളിൽ മറഞ്ഞ് പോയ ഏറെപ്പേരുണ്ട്. എല്ലാവരെയും അനുസ്മരിച്ചു കൊള്ളട്ടെ.

18 അദ്ധ്യാപകർ വിവിധകാലയളവുകളിലായി വിരമിച്ചു. 5 അദ്ധ്യാപകർ മറ്റു വിദ്യാലയങ്ങളിൽ പി.എസ്.സി.നിയമനം നേടി പോവുകയുണ്ടായി. ഒൻപത് അദ്ധ്യാപകർ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നു. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലായി 150 വിദ്യാർത്ഥികളും LKG, UKG ക്ലാസുകളിൽ 85 വിദ്യാർത്ഥികളുമുണ്ട്. അടിസ്ഥാന കമ്പ്യൂട്ടർ പഠനം നല്ലരീതിയിൽ നടന്നുവരുന്നു. സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഉണ്ട്. വിദ്യാർത്ഥികളുടെ മാനസികോല്ലാസത്തിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും നല്ല കളിയുപകരണങ്ങളോടു കൂടി ഒരു പാർക്ക് 2020ൽ വിരമിച്ച ശ്രീ. ജോമോൻ മാസ്റ്റർ നിർമ്മിച്ചു നൽകിയത് ഒരു -

മുതൽ കൂട്ടു തന്നെയാണ്. ഇക്കഴിഞ്ഞ മെയ് 31 ന് വിരമിച്ച ശ്രീമതി പുഷ്പ വർഗ്ഗീസ് ടീച്ചർ 20 ബെഞ്ചുകൾ സംഭാവന നൽകിയിരുന്നതും പ്രശംസനീയമാണ്.

നൂറുവർഷം പിന്നിടുമ്പോൾ ഇവിടെ നിന്നും അക്ഷരം നുകർന്ന ധാരാളം പ്രതിഭാശാലികളുടെ ചരിത്രം ഈ പാഠശാലക്ക് പറയാനുണ്ട്. ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, വിദേശകാര്യവകുപ്പിലും റോ പോലുള്ള ഉന്നത തലങ്ങളിലും പ്രവർത്തിച്ച ഉദ്യോഗസ്ഥ പ്രമുഖർക്ക് പിറവി നൽകിയിട്ടുണ്ട്. ഈ അക്ഷരമുത്തശ്ശി.

വർത്തമാനകാലത്തും ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസവും അക്കാദമികേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ അദ്ധ്യാപകരും മാനേജ്മെന്റും രക്ഷകർത്താക്കളും അക്ഷീണ പ്രവർത്തനം തന്നെ നടത്തുന്നുണ്ട്. ഈ ശതാബ്ദിയാഘോഷം തന്നെ അതിന്റെ മകുടോദാഹരണമാണ്.

പൊതുവിദ്യാഭ്യാസത്തിന് ഏറെ സ്വീകാര്യത ലഭിച്ച ഈ കാലഘട്ടത്തിൽ ഇന്നും നാലാം തരം പഠനം കഴിഞ്ഞാൽ തുടർവിദ്യാഭ്യാസത്തിന് ദീർഘദൂരം യാത്ര ചെയ്ത് മറ്റിടങ്ങളിലേക്ക് പോകേണ്ടത് ഈ പ്രദേശത്തെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഏറെ വിഷമകരം തന്നെയാണ്. നൂറു വർഷം അനസ്യൂതം വിദ്യപകർന്ന് പ്രയാണം നടത്തുന്ന ഈ വിദ്യാലയത്തെ ഏഴാംവരെ ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

# നിലവിലെ അവസ്ഥ 2025-26

സ്കൂൾ സ്ഥാപിതമായിട്ട് 103 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. പഴയ കെട്ടിടങ്ങളിൽ ഒന്ന് കഴിഞ്ഞ വർഷം പൊളിച്ചു നീക്കി, പുതിയ കെട്ടിടത്തിനു മുകളിലായി ക്ലാസ്മുറികൾ പണിതു. കുറച്ച് പണികൾ കൂടി ബാക്കിയുണ്ട്. പ്രവർത്തനാനുമതി തേടേണ്ടതുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റിയതിനാൽ കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലസൗകര്യം ആവശ്യത്തിനുണ്ട്. പുതിയ കെട്ടിടങ്ങളുടെയും നിലവിലെ കെട്ടിടങ്ങളുടെയും ചുമരുകളിൽ ചിത്രങ്ങൾ വരച്ച് മനോഹരമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് കളിക്കുന്നതിനായി തയ്യാറാക്കിയ പാർക്ക് ഉപയോഗിക്കുന്നുണ്ട്.

## കുട്ടികളുടെ എണ്ണം

LKG - 29

UKG - 37

I - 44

II - 37

III - 41

IV - 36

പ്രീപ്രൈമറി ക്ലാസ്സുകളിൽ 66 കുട്ടികളും ഒന്നു മുതൽ നാലുവരെ ക്ലാസുകളിലായി 158 കുട്ടികളും ചേർന്ന് ആകെ 224 കുട്ടികളാണ് 2025-26 അധ്യയന വർഷത്തിൽ ഇവിടെ പഠനം നടത്തുന്നത്. പ്രധാനധ്യാപിക സബിന. കെ ഉൾപ്പെടെ ആകെ 9 അധ്യാപകർ സേവനമനുഷ്ഠിച്ചു വരുന്നു. സ്കൂളിന് സ്വന്തമായി ഒരു ബസുണ്ട്. കുറുവട്ടക്കോട്, പൂന്തേപ്പാടം, കുന്നംപള്ളി, പൊറ്റ, പൊറ്റക്കോട്ടി, പാറക്കൽ, നാട്ടുകൽക്കോട് എന്നിവിടങ്ങളിൽ നിന്നുമാണ് കുട്ടികൾ വരുന്നത്. കൂടുതൽ മുസ്ലിം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്ന കുടുംബങ്ങളിൽ നിന്നുമാണ് കൂടുതൽ കുട്ടികളുമെത്തുന്നത്.

സ്കൂളിന്റെ മാനേജ്മെന്റ് ഇവിടുത്തെ പള്ളിയുടെ കമ്മിറ്റി തന്നെയാണ്. എല്ലാ കാര്യങ്ങളിലും സജീവമായി ഇടപെടുന്ന PTA കമ്മിറ്റിയും ഉണ്ട്. എല്ലാ മാസവും അവസാന വെള്ളിയാഴ്ച 3.30ന് PTA കമ്മിറ്റി യോഗം ചേരാൻ തീരുമാനിച്ചിരുന്നു. എല്ലാ ദിവസവും ക്ലാസ് ടെസ്റ്റും സമയാസമയങ്ങളിൽ Mid-Term Exam ഉം നടത്തിവരുന്നുണ്ട്.

# ലക്ഷ്യങ്ങൾ

## അക്കാദമികം

1. ക്ലാസ് പരീക്ഷകൾ ദിവസേന നടത്തൽ.
2. അസംബ്ലി വിപുലമാക്കൽ
3. ക്ലാസ് മാഗസിൻ
4. സ്കൂൾ പത്രം
5. ഓർമ്മശക്തി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം.
6. പുലർവെട്ടം
7. റേഡിയോ പ്രക്ഷേപണം
8. ദിനാചരണങ്ങൾ മെച്ചപ്പെടുത്തൽ
9. പഠനോപകരണ നിർമ്മാണം
10. ക്വിസ്സ് programme
11. spoken English programme

## ഭൗതികം

1. പൂന്തോട്ട നിർമ്മാണം.
2. ശുചീകരണ പ്രവർത്തനങ്ങൾ
3. ക്ലാസ് മുറികളുടെ നവീകരണം.
4. ലൈബ്രറി നവീകരണം.
5. ICT സാധ്യത വർദ്ധിപ്പിക്കൽ
6. വൃക്ഷതൈകളുടെ പരിപാലനം.
7. ചുമർ ചിത്രങ്ങൾ
8. കുടിവെള്ളം.

## സാമൂഹികം

1. രക്ഷിതാക്കളുമായുള്ള ബന്ധം വർദ്ധിപ്പിക്കൽ.
2. വിദ്യാർത്ഥി രക്ഷാകർതൃബന്ധം മെച്ചപ്പെടുത്തൽ.
3. അമ്മ വായന
4. സേവന പ്രവർത്തനങ്ങൾ
5. സ്കൂൾ വാർഷികം
6. പ്രദർശനങ്ങൾ
7. ആഘോഷങ്ങൾ
8. പഠനയാത്ര, ഫീൽഡ് ട്രിപ്പ്
9. പൂർവ്വ വിദ്യാർത്ഥികൾ, 10. ഗൃഹസന്ദർശനം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് 1

മലയാളം.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുത്തും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാൻ കഴിവുള്ളവരാക്കുക
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ
* ലളിതമായ വായനകാർഡ് നിർമ്മിക്കുന്നു വായിക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
* പ്രവർത്തന ലക്ഷ്യങ്ങൾ
* സർഗശേഷികൾ കൈവരിക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട് ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

## ജൂലൈ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥപറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാഠരംഗ്, മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാ ശേഷി വർധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ ഒരുക്കുന്നു.

* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

**ഒക്ടോബർ**

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

**നവംബർ**

* സംയുക്ത ഡയറിയിൽ കൂടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്ര വായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
* <u>ഡിസംബർ</u>
* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമ അവതരിപ്പിക്കും
* രചന ശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ അശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* പരസ്പരം വിനിമയം ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തനതായ രചനകൾ നടത്തുന്നു.

മാർച്ച്

* കുട്ടികൾ തയാറാക്കിയ കഥകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

* വിട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഉണ്ടാക്കുന്നു.

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

# ക്ലാസ് 1

# ഗണിതം

## ലക്ഷ്യങ്ങൾ

* ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പക്കുതിതുല്യ കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
* ഒറക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു, വായിക്കുന്നു.
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ-അവരോഹണ ക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒറക്കസംഖ്യകളുടെ സങ്കലനം.
* രണ്ട് ഒറക്കസംഖ്യകളുടെ വ്യവകലനം
* ഒറക്ക സംഖ്യകളുടെ വ്യാഖ്യാനം.
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒറക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയ നടത്തൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയ നടത്തൽ.
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

* സംഖ്യാഗാനങ്ങൾ ആലപിക്കൽ.

**ഒക്ടോബർ**

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിയൽ.
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

**നവംബർ**

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**ഡിസംബർ**

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.
* ഗണിത ആൽബം തയ്യാറാക്കൽ.

**ജനുവരി**

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ
* വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പി.ടി.എയിൽ പ്രദർശി-പ്പിക്കുന്നു.
* വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# English

Objectives and learning outcomes

* Respond to simple instructions in the classroom
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy Songs and sings them with Rhythm and action.
* Familiarise the name of birds, animals, their young ones and identifies them from pictures.

## June

* Introduce symbol words.
* provides picture cards.

## July

* Identify familiar words
* Say familiar words
* Read familiar words
* Write familiar words

## August

* Enjoy songs and sings them with Rhythm and action
* Describes orally about pictures and objects using adjectives.

## September

* Read and write simple words and simple sentences.
* provides picture cards and reading cards

## October

* Introduce symbol picture descriptions.
* Make word chain, Sentence chain.
* Make riddles.
* Describing words, rhyming words.
* Text book activities.

## November

* prepare reading cards.
* Write five English words daily.

## December

* Read and understand simple instructions in the classroom.
* Encourage digital reading.

## January

* Enjoy songs and sings them with Rhythm and action.
* Make picture albums.
* Collect pictures of animals and its young ones

## February

* provide the opportunity to express myself in the classroom.
* English assembly once in a week.

## March

* Speaks English fluently.
* Read and write simple sentences.
* picture reading and picture description.

# ACADEMIC MASTER PLAN

## - 2025 - 2026

CLASS - 2

## ആമുഖം

എസ്.കെ.വി.എൽ.പി സ്കൂളിൽ 2025-26 അധ്യയനവർഷം കുട്ടികൾ രണ്ടാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽനിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

* ഭാഷാശേഷി വികസനത്തിനുതകുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വതന്ത്രമായി വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുതുംവലുതുമായ സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
* രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്തഡയറി എഴുതുന്നത് കൂടാതെ കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് PTA കൾ ശക്തിപ്പെടുത്തും.
* സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.
* സ്വതന്ത്രമായി വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

## പ്രവർത്തനകലണ്ടർ

| നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തനകലണ്ടർ | മെയ് |
| 2. | മലയാളമധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്തഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്രപുസ്തകം | ജൂൺ - മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കയ്യെഴുത്ത് | ജൂലൈ മാർച്ച് |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | പഠനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | ഭാഷോത്സവം | ജനുവരി |

## മലയാളമധുരം

ഒന്നാം ക്ലാസിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനതുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതനപരിപാടിയാണ് മലയാളമധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും അവർക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം നൽകി.

### പ്രവർത്തനലക്ഷ്യങ്ങൾ

→ ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരമൊരുക്കുന്നു.
സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
കുഞ്ഞുചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

1. അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം SRGയിൽ അവലോകനം ചെയ്യുന്നു (മേയ് അവസാനം)
2. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
3. CPTA യിൽ അവലോകനവും തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
4. കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു. (ജൂൺ)
5. തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
6. രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്തുന്നു. (ഓരോ ടേമിലും)
7. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.
8. ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
9. വ്യക്തിഗത പുസ്തകം തയ്യാറാക്കുന്നതിന് പ്രോത്സാഹനം നൽകുന്നു

വിലയിരുത്തൽ

## സംയുക്തഡയറി

ലക്ഷ്യപ്രസ്താവനകൾ :-

→ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
→ ഭാഷാശേഷി വികസിപ്പിക്കുന്നതിന് സഹായിക്കുന്നു.
→ അനുഭവാവിഷ്കാരത്തിനായ ഭാഷാപ്രയോഗം സാധ്യമാകുന്നു.
→ സ്വതന്ത്രചിന്തകൾ പ്രതിഫലിപ്പിക്കുന്നതിന് സഹായിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ :-

ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
സചിത്രഡയറി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.
കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
ഒന്നു ഡയറിക്കുറിപ്പ് എന്നതിലേക്കും മാറും.

വിലയിരുത്തൽ

→ ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനങ്ങൾ സംയുക്തഡയറിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
→ എല്ലാ രക്ഷിതാക്കളുടേയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
→ സർഗാത്മകശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
→ വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടെ സ്വയം ഒരുക്കിയിട്ടുണ്ട്.
→ കൂടാതെ ഓഡിയോ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ

സാമ്പത്തികം

SSK

## ഭാഷോത്സവം

### പ്രവർത്തന ഘട്ടങ്ങൾ

→ ഭാഷോത്സവം പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2-ാം വാരം)

→ CPTA യിൽ ഭാഷോത്സവ പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക. (ജൂൺ 3-ാം വാരം)

→ പ്രതിമാസ ഭാഷോത്സവം

→ ഭാഷോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (സെപ്റ്റംബർ, ഡിസംബർ, മാർച്ച്)

→ കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച്)

### വിലയിരുത്തൽ

→ കൃത്യമായ ഇടവേളകളിൽ ക്ലാസ് തല ഭാഷോത്സവം സംഘടിപ്പിക്കുന്നു.

→ രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

→ എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്
ഉണർവ്വ് പകരുന്നു.

### ചുമതല

ക്ലാസ് ടീച്ചർ, പി.ടി.എ

### സാമ്പത്തികം

പി.ടി.എ, എസ്.എസ്.കെ.

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം. വൈവിധ്യമുള്ള ഉച്ചാരണങ്ങൾ അവതരിപ്പിച്ച് ഭാഷാറിവ് ഉണ്ടാക്കാൻ അധ്യാപികക്ക് കഴിയണം.

### പ്രവർത്തനഘട്ടങ്ങൾ

→ റീഡേഴ്സ് തിയേറ്റർ SRG-യിൽ ആശയം പങ്കിടൽ (ജൂൺ)
→ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (ജൂലൈ)
→ മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സദസ്സുകളിൽ അവതരിപ്പിക്കാൻ അവസരം.

### വിലയിരുത്തൽ

→ ക്ലാസ് പി.ടി.എ-യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
→ ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്
→ റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.
→ മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സദസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.

### ചുമതല

ക്ലാസ് ടീച്ചർ, SRG, പ്രധാനാധ്യാപകൻ

### സാമ്പത്തികം

SSK, PTA

# വാർഷികആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്ത യൂണിറ്റുകൾ | സാധ്യ ദിനങ്ങൾ |
| --- | --- | --- | --- |
| ജൂൺ | അക്കാദമിക മാസ്റ്റർ പ്ലാൻ<br>പ്രകൃതി – സംരക്ഷണപ്രവർത്തനങ്ങൾ<br>പ്രവേശനോത്സവ ദിനം<br>ക്ലാസ് പി.ടി.എ<br>പഠനോപകരണനിർമ്മാണ ശില്പശാല<br>ക്ലാസ് വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരണം<br>ഭാഷാക്ലബ്ബുകളുടെ ഉദ്ഘാടനം | സന്നദ്ധപ്രവർത്തനങ്ങൾ<br>മഴയോമഴ<br>അടുക്കളയിലെ രുചികൾ<br>An umbrella for All | 20 |
| ജൂലൈ | ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണപ്രവർത്തനങ്ങൾ<br>കടങ്കഥ, സംഭാഷണം, പോസ്റ്റർ<br>ക്ലാസ് പിടിഎ യോഗം വിലയിരുത്തൽ | നനയാതിരിക്കാൻ<br>ഒരുമിച്ചൊരുക്കാം<br>An umbrella for all | 20 |
| ആഗസ്റ്റ് | പഠനോത്സവം<br>പാഠങ്ങളിൽ നിന്നും ബാലസാഹിത്യ കൃതികളിലേക്ക് ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തനതു പ്രകടനങ്ങൾ<br>വായനോത്സവം | ഉണരാനാണേ സ്വാതന്ത്ര്യം<br>ഒപ്പമാടിയാട് ഒപ്പം കൂടാം<br>A piece of cake | 15 |
| സെപ്റ്റംബർ | കഥകൾ സംഭാഷണങ്ങൾ അവതരണം<br>ഡയറി എഴുത്ത്<br>പ്രാദേശികപ്രയോഗങ്ങൾ | | |

| | | |
|---|---|---|
| | പട്ടികവിശകലനം<br>ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളാക്കൽ<br>Mask making, Role plays | പൂരം, പൊടിപ്പൂരം<br>സമ്മാനപ്പൊതി<br>A piece of cake |
| ഒക്ടോബർ | കഥകൾ, സംഭാഷണങ്ങൾ<br>ചിഹ്നങ്ങൾ ചേർക്കൽ<br>കുട്ടിക്കവിതകൾ<br>100 ന്റെ കൂട്ടങ്ങളാക്കൽ<br>സംഖ്യകൾ താരതമ്യം | ഉച്ചിക്കോട്ടം<br>ഒന്നായ് ചേരാം<br>നന്നായ് വളരാം<br>The village of birds |
| നവംബർ | മുഖംമൂടി നിർമ്മാണം<br>സംഭാഷണം രൂപപ്പെടുത്തൽ<br>ദൃശ്യാവിഷ്കാരം<br>Conversation<br>Role plays<br>പ്രായോഗികപ്രശ്നങ്ങൾ<br>താരതമ്യം ചെയ്യൽ<br>പട്ടികപ്പെടുത്തൽ | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഉച്ചാരണ വ്യവഹാരങ്ങൾ മെച്ചപ്പെട്ട ലേഖനമികവ് | എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചനാക്യാമ്പുകൾ<br>ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ<br>ഡിസംബർ | SRG SMC ക്ലബ്ബുകൾ മദർ പിടിഎ സ്റ്റാഫ് | മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താൻ | രചനാശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖവ്യക്തികൾ | SRG SMC |

മേഖല — അക്കാദമികം

ഉപമേഖല — പരിസരപഠനം

ക്ലാസ് — II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശുചിത്വശീലമുള്ള വ്യക്തിത്വം സമൂഹം സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേക്ലാസുകൾ പോസ്റ്റർ രചനാമത്സരം അവതരണം | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാകാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല – അക്കാദമികം

ഉപമേഖല – ഗണിതം

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിതപസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

മേഖല – അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ്

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷസംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk..... | മൂന്ന് മാസത്തിൽ ഒന്ന് | SRG | SSA |
| | പ്രതിഭാധനരുമായി സംവദിക്കൽ | | Class Teacher | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന് | | |
| | Oneday English | | | |

## English

Aim :- To speak, Read & write English without any Mistakes.

Time :- June, July, August

### June

Pretest

To develop listening skills & reading skills first.

Listening Skills

Games, Action songs Hello English activities, 2 Conversations, skit stories

Use ICT

Speaking skills

Descriptions, growing Sentences, picture reading, picture description, Self introduction Assembly Activities - Speech, book review, Quiz riddles, Self introduction. School radio . etc

### July & August

Reading skills

Newspaper reading, library book, reading, book review, reading breaking news, find words. collect and read Past tense, rhyming words, Describing words etc

Text book activities

Writing Skills

Make word web, picture description, Word chain Sentence chain.

Make words & Sentences make riddles, Conversations.
Add more lines, develop story, description, notice
Proclamation, diary letter Announcement, Magazines,

# English

Unit 1: An Umbrella for All

Time period :- June 2025.

Learning objectives :- Listen to narratives & teacher talks and understand them. Get familiarised with expressions having auxilary function. Describe familiare objects, animals and birds, house hold things etc. Read and comprehend simple stories, songs & conversation pieces. Develop a Positive attitude toward Socialisation and friendship. Engage in and perform skits and choreography etc.

Unit 2:- A piece of Cake ; Time Period: July

→ Listening and speaking :- Develop the ability to listen to stories and comprehend the sequence of events. Retell the story or parts of it in their own words.

→ Reading : identify and read familiar sightwords and short sentences. predict story outcomes using visual hints.

→ Vocabulary development :- Understand and use theme related words (cake, hungry, animals, forest etc)

→ Creative Expression :- Participate in story dramatisation or role play

# The Village of Birds

Time Period :- September

## Learning objectives

→ Develop the ability to listen to stories and Comprehend the sequence of events. Respond Orally to Simple questions based on the Story. Retell the Story or parts of it their own words

→ identify and read familiar Sight words and Short Sentences.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 3

2025 - 2026

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |



Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർ മസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |



[redacted]

Scanned with OKEN Scanner

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



Scanned with OKEN Scanner

Std : IV

# E . V . S

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | H·M CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA SSA |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | SSA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | H.M<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

STD : IV

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം. (എണ്ണിയും ചാടും, ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | |
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | H.M ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിതപഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | |

STD : IV

# മലയാളം

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം അനുകാലിക വായന. | വർഷം മുഴുവൻ | H M<br>SRG<br>Class teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | വർഷം മുഴുവൻ | | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം.... കേട്ടറിയാം.... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം..... | | | | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം.<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | HM<br>CPTA<br>Class teacher | PTA |

| | | | | |
|---|---|---|---|---|
| ഓർക്കാം - അറിയാം | നിക്കാം (സാഹിത്യകാരന്മാർ) | | | |
| സാഹിത്യകാരന്മാരുടെ ജനന - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. പ്രദർശനം. | ആവശ്യാനുസരണം. | Class teacher<br>CPTA | PTA |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാ വതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചിത്രങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM<br>Class teacher | |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. | HM<br>CPTA<br>Class teacher | PTA |

Std: IV

# English

## English Assembly.

| Aims | Activities | period | Duty | Fund |
|---|---|---|---|---|
| 1) To speak, read and write English without any mistake | 1) conduct English Assembly twice in a week. children are assigned to conduct and convene the whole assembly. Besides prayer and pledge, there are Thought, word introduction, self-introduction, Quiz, News reading are included in English assembly<br>2) Book reading and review<br>3) English Fest | June to March. | class Teacher | - |

## English Diary

| Aims | Activities | period | Duty | Fund |
|---|---|---|---|---|
| 1) To write English without any mistakes | . Write Diary note in simple sentences, the activities that done in school and their house | Twice in a week. June to March | class Teacher | - |

## English Theatre

| Aims | Activities | period | Duty | Fund |
|---|---|---|---|---|
| 1) To improve reading skills | . News paper reading, . Set English corner - Library book reading book review, reading breaking news | | | - |

| Aims | Activities | period | Duty | Fund |
|---|---|---|---|---|
| | • present the content of the unit in various discourses. such as skit, drama, conversation, story telling etc | once in a month | class Teacher | SMC |
| **English Magazine** | | | | |
| 1) To develop the writing skills - Description, Thought, conversation, story, Add more lines etc | • prepare English magazine every after two months including their writings | once in two months | class teacher, HM SMC | SMC |

അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം : ലക്ഷ്യം : അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി. | എഴുത്ത്, വായന: ★ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ★ അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക. ★ ഓരോ കുട്ടികൾക്കും അക്ഷര ഗെയിമുകൾ നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ കൈവിരലിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു. ★ പ്രത്യേകം തയ്യാറാക്കിയ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്വിസ് നൽകുക. | 2 വർഷം | പുസ്തകങ്ങൾ കമ്പ്യൂട്ടർ ടാബ് | ബി. ആർ. സി പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | വായനാലോകം<br>ലക്ഷ്യം:<br>* കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br>* നല്ല വായനക്കാരനാക്കുക. | 1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം<br>പുസ്തകങ്ങൾ;<br>* ചിത്രകഥ (അറബിക്)<br>* കഥ പുസ്തകം<br>* കുട്ടിക്കവിതകൾ<br>* അറബിക് ക്വിസ്<br>2. ക്ലാസ് വായന:<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഓരോ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക.<br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | 6 മാസം | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | സമാഹരണം.<br>* അറബിക് അധ്യാപകർ<br>* ഭാഷാസ്നേഹികൾ<br>* നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>* ഓരോ കുട്ടിയും ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>* സർക്കാർ ഫണ്ട് |

| | | | | |
|---|---|---|---|---|
| 3 | ആസ്വാദനലോകം | 1. ആസ്വാദന സഭ :<br>★ പാടാനും പറയാനും കഴിയുന്ന വിവിധ പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>★ ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം.<br>2. കാഴ്ചയും കേൾവിയും:<br>ഉദാഹരണം : വിക്രമൻ കഥകൾ, ഗുണപാഠ കഥകൾ, അനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ | 6 മാസം | സ്കൂൾ ഹാൾ<br>ലാംഗ്വേജ് ലാബ്<br>എൽ.സി.ഡി<br>കമ്പ്യൂട്ടർ |

| | | | | |
|---|---|---|---|---|
| 4 | അനുഭവ ലോകം | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ് അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br>* നന്നായ അറബി ഭാഷകൾ കാണാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക. | 1 മാസം | എൽ.സി.ഡി<br>കമ്പ്യൂട്ടർ |
| 5 | പദപരിചയം<br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ: പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു. ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു. അറബിക് പ്രസ്തുത പദം നോട്ടീസ് ബോർഡിൽ പതിക്കുക. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | 1 വർഷം | മൈക്ക് |

| | | | | | |
|---|---|---|---|---|---|
| 6 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br>ചെറിയ അറബിക് കവിതകൾ വായിക്കുക.<br>പുസ്തകം പരിചയപ്പെടുത്തൽ.<br>അറബ് സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | 1 വർഷം | | |
| 7 | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലെങ്കിലോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാവ്യപരിപാടികൾ :<br>* ഉദ്ഘാടനം<br>* ആദരിക്കൽ<br>* മികച്ച അറബിക് കലാ അവതരണം<br>* അറബിക് എക്സിബിഷൻ | | സ്കൂൾ ഫണ്ട്<br>പുസ്തകങ്ങൾ<br>സമ്മാനങ്ങൾ | പങ്കാളി വിദ്യാർത്ഥികൾ.<br>ഭാഷാസ്നേഹികൾ.<br>അറബി ഭാഷ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| 8 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/വാർത്താ വായന തുടങ്ങിയ ഇനങ്ങൾ പ്രോഗ്രാംസ് നടത്തി അവതരിപ്പിക്കൽ | | സ്കൂൾകെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ ഭാഷാ സ്നേഹികൾ അറബിഭാഷാ-പണ്ഡിതന്മാർ |
| 9 | നല്ല എഴുത്ത്<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക. | 1 വർഷം | പുസ്തകങ്ങൾ | |
| 10 | ഡിജിറ്റൽ ലോകം<br>ലക്ഷ്യം:<br>• എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനം കഴിയും മുമ്പ് കീ ബോർഡ് പഠിക്കൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പഠിക്കേണ്ടത് അനിവാര്യമായതിനാൽ ഡിജിറ്റൽ ക്ലാസിൽ നിന്ന് തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യുന്നു. | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| 11 | വൈവിധ്യത്തിന്റെ ലോകം | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം. | | ചാർട്ടുകൾ | |
| 12 | മത്സരങ്ങളുടെ ലോകം | മിടുക്കരായ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക: ഉദാഹരണം<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. പദപ്രശ്നം<br>5. കളറിങ്ങ്<br>6. മെമ്മറി ടെസ്റ്റ്<br>7. ഖുർആൻ പാരായണം<br>8. പദപ്പയറ്റ്<br>9. ഗദ്യവായന<br>10. അറബി ഗാനം. | | | |

| | | | | | |
|---|---|---|---|---|---|
| 3 | ദിനാചരണങ്ങൾ : | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.<br>• നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു.<br>(ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | | |
| | | | | | |